# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1548** | **06/03/2017-ൽ മറുപടിയ്ക്ക്**

## ഹോർട്ടീകോർപ്പിൽ ജനറൽ മാനേജരുടെ തസ്തിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എൽദോസ് കുന്നപ്പിള്ളി | | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) | ഹോർട്ടീകോർപ്പിൽ ജനറൽമാനേജരുടെ തസ്തികയ്ക്ക് സർക്കാർ അംഗീകാരം ഉണ്ടോ ; | എ) | ഹോർട്ടികോർപ്പിൽ നിലവിൽ അവലംബിക്കുന്ന 'കോൾഡ് ചെയിൻ' പദ്ധതിയുമായി ബന്ധപ്പെട്ട G.O.(Ms)No.205/97/AD dated 05/07/1997 ഉത്തരവ് പ്രകാരമുള്ള ജനറൽ മാനേജർ തസ്തിക ഉൾപ്പെടെയുള്ള സ്റ്റാഫ് പാറ്റേൺ സർക്കാരിന്റെ പരിശോധനയിലാണ്. |
| ബി) | ജനറൽ മാനേജർ തസ്തികയില്ലാതെ പുതുതായി ജനറൽ മാനേജരെ എപ്രകാരമാണ് നിയമിച്ചത് ; | ബി) | നിലവിൽ ജില്ലാതലങ്ങളിൽ പച്ചക്കറി സംഭരിക്കുന്നതിലും വിപണനം ചെയ്യുന്നതിലും ഒരു ഏകോപനമില്ലായ്മ അനുഭവപ്പെട്ടിട്ടുണ്ട്. ആയതുകാരണം ശരിയായ രീതിയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കൃഷി ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടറായ ശ്രീ.ജനാർദ്ദനന് ജനറൽ മാനേജർ (operations)ന്റെ താല്ക്കാലിക ചുമതല നൽകിയിരിക്കുകയാണ്. |
| സി) | ഹോർട്ടീകോർപ്പിൽ ജില്ലാ ഓഫീസർമാരെ തരംതാഴ്ത്തിയ ശേഷം അഗ്രിക്കൾച്ചർ ഓഫീസർമാരെ നിയമിക്കുമ്പോൾ ഇവരുടെ അധികബാധ്യത എപ്രകാരമാണ് വഹിക്കുന്നത് ? | സി) | വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ ഹോർട്ടി കോർപ്പിന്റെ ജില്ലാ മാനേജർമാർക്കെതിരെ ഗുരുതരമായ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്. കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജില്ലാ മാനേജർമാരിൽ പലർക്കും ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയോ, |

(contd..........2)

വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽ നിയമനം നേടിയവരോ അല്ല. ഇവരെ പിരിച്ചുവിടണമെന്ന് വിജിലൻസ് വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. വിജിലൻസ് വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഹോർട്ടികോർപ്പിന്റെ നിയമനങ്ങൾ P.S.C.യ്ക്ക് വിടുന്ന വിവരം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഹോർട്ടികോർപ്പിന്റെ സ്റ്റാഫ് പാറ്റേൺ പുനഃർനിർണ്ണയിക്കുന്ന വിഷയവും സർക്കാർ പരിശോധിച്ച് വരികയാണ്. ഹോർട്ടി കോർപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടിയാണ് അഗ്രികൾച്ചർ ഓഫീസർമാർക്ക് അധിക ചുമതല നൽകി നിയമിക്കുവാൻ ആലോചിക്കുന്നത്. അധിക ചുമതല നൽകി നിയമിക്കുന്നതിനാൽ ഹോർട്ടി കോർപ്പിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.

**സെക്ഷൻ ഓഫീസർ**